(7) സ്വാതന്ത്ര്യസമരപെൻഷൻ, കർഷകത്തൊഴിലാളിപെൻഷൻ മുതലായവയിൽ വന്ന കുടിശ്ശിക

ശ്രീ. തോപ്പിൽ രവി: സർ, അഭയവും ആശ്വാസവും തേടുന്നവരും നമ്മുടെ സമൂഹത്തിന്റെ ആദരവും അനുഭാവവും മൊത്തത്തിൽ അർഹിക്കുന്നവരുമായ വിവിധ ജനവിഭാഗങ്ങൾക്ക് നമ്മുടെ സംസ്ഥാനത്തിൽ നാം ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതി വളരെയേറെ ശ്രദ്ധിക്കപ്പെടുകയും ശ്ലാഘിക്കപ്പെടുകയും ചെയ്തിട്ടുള്ള കാര്യമാണ്. പക്ഷേ പെൻഷൻ ലഭിക്കുന്ന പാവപ്പെട്ട ആളുകൾ ഈ തുച്ഛമായ പെൻഷൻ തുക യഥാസമയം ലഭിക്കാതിരിക്കുന്നതിനാൽ അതിനുവേണ്ടി കാത്തിരിക്കേണ്ടിവരുന്ന വളരെ ദുഃഖകരമായ ഒരു അവസ്ഥ ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ടെന്നേ കാര്യം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഓരോ മാസവും ഒന്നാം തീയതി പുലരുന്നതുനോക്കി വേഴാമ്പലുകളെപ്പോലെ കാത്തിരിക്കുന്ന സാധുക്കളായ അവർക്ക് മറ്റൊരാളുടെ കയ്യിൽനിന്നും 10 രൂപ കടം വാങ്ങുകയെന്നു പറയുന്നതുപോലും ബുദ്ധിമുട്ടുള്ള കാര്യമാണ്. നിഷേധിക്കപ്പെടുന്നതും അത് വൈകിക്കുന്നതും ഏറെക്കുറെ ഒരുപോലെയാണെന്നു പറയാറുള്ളതുപോലെ, ഈ തുച്ഛമായ വരുമാനംപോലും കാലതാമസംമൂലം അവർക്ക് കിട്ടാതെവരുന്നത് അവർക്കതു നിഷേധിക്കപ്പെടുന്നതുപോലെതന്നെ തെറ്റാണ്. ജീവിതസൂചിക വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ കാലോചിതമായി പരിഷ്ക്കരിക്കുകയും പുതിയ ചില ആനുകൂല്യങ്ങൾകൂടി അവർക്ക് നൽകാൻ ഗവൺമെന്റിന് ദയവുണ്ടാകുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ശ്രീ. ആർ. ശങ്കറിന്റെ കാലത്ത് തുടങ്ങി, തുടർന്ന് മറ്റു പല ഗവൺമെന്റുകളുടെയും കാലത്ത് അത് പരിഷ്കരിച്ചു. നമ്മൾ നടപ്പാക്കിയിട്ടുള്ള സാമൂഹ്യക്ഷേമ പരിപാടികളുടെ കൂട്ടത്തിൽ ഏറ്റവും തിളക്കമാർന്ന തൂവലായി പരിഗണിക്കപ്പെടേണ്ട, ഏറ്റവും നല്ല ഉദ്ദേശത്തോടുകൂടി നടപ്പാക്കിയിട്ടുള്ള ഈ പദ്ധതിയുടെ ഗുണം അത് അർഹിക്കുന്നയാളുകൾക്ക് യഥാസമയം ലഭിക്കുന്നില്ലെങ്കിൽ അതിന്റെ ഉദ്ദേശശുദ്ധിതന്നെ പരാജയപ്പെട്ടുപോകുമെന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരശ്രദ്ധ പതിയണമെന്നും ഇവരുടെ തുച്ഛമായ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നും ഞാൻ ഗവൺമെന്റിനെ ഓർമ്മിപ്പിക്കുന്നു. അവരുടെ ചികിൽസാസൗകര്യങ്ങളിൽകൂടി ഈ ഗവൺമെന്റിന്റെ ദയാദാക്ഷിണ്യമുണ്ടാകാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇത്സഭയുടെ മുമ്പിൽ കൊണ്ടുവരുന്നതിനുമുമ്പുതന്നെ, ഞാൻ ധനകാര്യമന്ത്രിയായി ചാർജ് എടുത്തുകഴിഞ്ഞപ്പോൾ ആദ്യമായി ശ്രദ്ധിച്ച ഒരു കാര്യമാണ് അഗതികൾക്കുള്ള പെൻഷൻ. സ്വാതന്ത്ര്യസമരഭടൻമാർക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, ചെറുപ്പക്കാർക്ക് കിട്ടുന്ന തൊഴിലില്ലായ്മ വേതനം ഇവ കിട്ടുന്നുണ്ടോയെന്നു പരിശോധിച്ച് അത് വേഗം തീർക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഞാൻ വിവരങ്ങൾ ശേഖരിക്കുകയായിരുന്നു. നമ്മുടെ സംസ്ഥാനത്തിൽ കർഷകത്തൊഴിലാളി പെൻഷൻ കിട്ടുന്നത് 286000 ആളുകൾക്കാണ്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ രണ്ടുലക്ഷത്തി എണ്ണൂറ്റി എൺപത്തിമൂന്നാണ്. വാർദ്ധക്യകാലപെൻഷൻ ലഭിക്കുന്നവർ 54415

LIBRARY ARCHIVES Kerala Legislative Assembly

ആണ്. വിധവാപെൻഷൻ ലഭിക്കുന്നവർ 13267 ആണ്. വികലാംഗ പെൻഷൻ ലഭിക്കുന്നവർ 41969 ആണ്. സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷൻ ലഭിക്കുന്നവർ 11400 പേരാണ്. ഇവരുടെ പെൻഷനുകൾ അതാതുമാസങ്ങളിൽ കിട്ടുന്നില്ലെന്നുള്ള നിരവധി നിവേദനങ്ങൾ ഈ അടുത്ത കാലത്ത് എനിക്ക് ലഭിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പെൻഷനുകൾ കൊടുക്കാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തിയിരിക്കുകയാണ്. അഗതികൾക്കുള്ള പെൻഷൻ കഴിഞ്ഞ ഫെബ്രുവരി മാസംവരെയുള്ളത് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. താലൂക്കാഫീസുകളിൽ സ്റ്റാഫ് കുറവായതുകൊണ്ടാണ് പെൻഷൻ യഥാസമയം കൊടുക്കാൻ കഴിയാത്തതെന്നാണ് അവർ പറയുന്നത്. ഒരു ക്ലർക്കിനെ കൂടി അധികം വേണമെങ്കിൽ എടുത്ത്, ഈ അഗതികൾക്ക് കൊടുക്കുന്ന പെൻഷൻ, നിശ്ചയിച്ചിരിക്കുന്ന രണ്ടുമാസത്തിലൊരിക്കൽ കൊടുക്കണമെന്നും ഒന്നാംതീയതി അവരുടെ കൈയിൽ എത്തിയിരിക്കണമെന്നുമുള്ള കർശനമായ നിർദ്ദേശം ഞാൻ എല്ലാ കളക്ടർമാർക്കും കൊടുത്തിട്ടുണ്ട്. സ്വാതന്ത്ര്യസമരസേനാനികളുടെ പെൻഷന്റെ കാര്യത്തിലും അതുപോലെതന്നെയാണ്. ഓരോ മാസവും മണിയോർഡറായക്കണം. അതിന് ഗവൺമെന്റ് വച്ചിരിക്കുന്ന ചട്ടം ഒറിക്കൽ മണിയോർഡറയച്ചുകഴിഞ്ഞാൽ അവരുടെ അക്നോളേജ്മെന്റ് തിരിച്ചുകിട്ടിയാൽ മാത്രമേ അടുത്ത പെൻഷൻ അയക്കുകയുള്ളുവെന്നാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്നോളജ്മെന്റ് തിരിച്ചുകിട്ടണമെന്നുള്ളത് പ്രശ്നമല്ല. ഒന്നാംതീയതി സ്വാതന്ത്ര്യസമരസേനാനികളുടെ പെൻഷൻതുകയായ 300 രൂപ പെൻഷൻ അവരുടെ വീട്ടിലെത്തിയിരിക്കണമെന്നുള്ള കർശനമായ നിർദ്ദേശം ജില്ലാകളക്ടർമാർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കർഷകത്തൊഴിലാളി പെൻഷൻ ഏകദേശം കഴിഞ്ഞ ഡിസംബർവരെ കൊടുത്തുതീർത്തിട്ടുണ്ട്. കഴിഞ്ഞ ദിവസം തൊഴിൽവകുപ്പുമന്ത്രി പറഞ്ഞതനുസരിച്ച് മാർച്ചുവരെയുള്ളത് കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജൂലായ് മാസം 15-ാം തീയതിക്കുമുമ്പ് മാർച്ച് 31 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തുതീർക്കും. അതിന് പിന്നെയൊരു മാറ്റമുണ്ടാകാൻ പാടില്ല. ഏപ്രിൽ മേയ്, ജൂൺ ഈ മൂന്നു മാസങ്ങളിൽ, ഈ ജൂലൈയിൽ ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞാൽ ആ കാശുകൊണ്ട് 15-ാം തീയതിക്കുമുമ്പ് കൊടുത്തുതീർക്കണമെന്നാണ് കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. അതുപോലെത്തന്നെ നമ്മുടെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് തീർപ്പ് കൽപ്പിക്കാനായി കിട്ടിയിട്ടുള്ളത് 18000 അപേക്ഷയാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായധനത്തിനുവേണ്ടി ഇരുപതിനായിരത്തോളം പേരാണ് വന്നിട്ടുള്ളത്. തൊഴിലില്ലായ്മാ വേതനമായ 50 രൂപ വാങ്ങുന്നതിനുവേണ്ടി, ആ പിച്ചക്കാശിനുവേണ്ടി നമ്മുടെ ചെറുപ്പക്കാർ നടക്കുകയെന്നുള്ളതല്ല ഈ ഗവൺമെന്റിന്റെ നയമായി അംഗീകരിക്കാൻ പോകുന്നത്. അവർക്ക് 600 രൂപയുടെകൂടെ കുറെ രൂപകൂടെ കൂടുതൽ കൊടുത്ത് സ്വയംതൊഴിൽ കണ്ടെത്തുന്ന ആളുകളായി മാറ്റിയെടുക്കാനുള്ള ഒരു സമയബന്ധിത പരിപാടി നടപ്പാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ അനുഭവപൂർവ്വമായ ഒരു സമീപനമായിരിക്കും മേലിൽ ഗവൺമെന്റ് എടുക്കുന്നത്. അതിനുവേണ്ടി ഇന്ന് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. തൊഴിലില്ലായ്മാവേതനത്തിനുവേണ്ടി 10 കോടി രൂപയും കർഷകത്തൊഴിലാളി പെൻഷനുവേണ്ടി 16 കോടിരൂപയും അഗതി പെൻഷനു 10.35 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. ഈ തുക ഞാൻ നേരത്തെ പറഞ്ഞതുപോലെ അർഹരായ ആളുകളുടെ എണ്ണംവച്ചു

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുമ്പോൾ ഇത് പോരെന്നുള്ളത് വ്യക്തമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നേരത്തെ പറഞ്ഞ മൂന്ന് ഇനങ്ങളിലുമുള്ള പെൻഷനുവേണ്ടി എത്ര രൂപ വേണമെങ്കിലും ഏതെങ്കിലും ഇനത്തിൽ നിന്നെടുത്ത് പാവപ്പെട്ട, 45-ം, 50-ം രൂപ കിട്ടുന്ന അഗതികളായ ആളുകളുടെ പെൻഷൻ യാതൊരു കുടിശ്ശികയുമില്ലാതെ ഈ ഗവൺമെന്റ് കൊടുക്കുന്നതാണ്.

(8) കണ്ണൂരിൽ ശ്രീ. എം. വി. രാഘവൻ പങ്കെടുത്ത യോഗം അലങ്കോലപ്പെടുത്തിയ നടപടി

ശ്രീ. എ. സി. ജോസ്: സർ, കണ്ണൂർ ജില്ലയിൽ ഇന്ന് നിലനിൽക്കുന്ന സംഘർഷാവസ്ഥയെക്കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. xxxx അവിടെ നിരന്തരമായ വാക്കേറ്റവും തർക്കവും ബഹളവും നടന്നുകൊണ്ടിരിക്കുകയാണ് .....(ബഹളം).. ..... ഇന്നത്തെ പത്രങ്ങളിലെല്ലാം ഇത് കാണാൻ കഴിയും..... ....(ബഹളം) ..... ഞങ്ങൾക്ക് രാഘവനോട് ഒരു ബന്ധവുമില്ല. കാഞ്ഞങ്ങാട്, ഈ സഭയിലെ ഒരംഗമായ ശ്രീ. എം. വി. രാഘവൻ ഒരു യോഗം വിളിച്ചുകൂട്ടി. ബഹുമാനപ്പെട്ട എം. വി. രാഘവന്റെ നിലപാടിനോട് എനിക്ക് യാതൊരു യോജിപ്പുമുണ്ടായിട്ടല്ല ഞാൻ ഇത് പറയുന്നത്. പക്ഷേ അവിടെ നടന്ന ആ യോഗത്തിൽ കല്ലേറും ബഹളവും ചെരിപ്പേറുമുണ്ടായി.....:(ബഹളം).....ആ രീതിയിലാണ് അവിടെ ബഹളം നടക്കുന്നത്. അദ്ദേഹത്തിന്റെ ജീവനിതന്നെ ഭീഷണിയിലായിരിക്കുകയാണ്. ശ്രീ. എം. വി. രാഘവന്റെ ഒരു നയപരിപാടിയോടും കോമണായിട്ട് എനിക്ക് യോജിപ്പുണ്ടായിട്ടല്ല ഞാനിത് പറയുന്നത്. പക്ഷേ പ്രശ്നമെന്താണെന്നുവച്ചാൽ അദ്ദേഹത്തിന് പറയാനുള്ളത് പറയാനുള്ള സ്വാതന്ത്ര്യം വേണം. അതുണ്ടാകണം. xxxx കണ്ണൂർ ജില്ലയിൽ എല്ലാ സ്ഥലത്തും സംഘർഷാവസ്ഥ ഉണ്ടാക്കിയിരിക്കുകയാണ്. ശ്രീ. എം. വി. രാഘവൻ ഈ സഭയിലെ ഒരംഗമാണ്. അദ്ദേഹത്തിന്റെ ജീവനുതന്നെ അപകടമുണ്ടാകുന്ന ഒരു സ്ഥിതിവന്നിരിക്കുകയാണ്. ആ സ്ഥിതിവിശേഷത്തിൽനിന്ന് അദ്ദേഹത്തിനുവേണ്ട സംരക്ഷണം കൊടുക്കണം .....(ബഹളം).....അതിനുള്ള സൗകര്യമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇന്നലെ വൈകുന്നേരം അഞ്ചുമണിക്ക് ശ്രീ. എം. വി. രാഘവൻ (എം. എൽ. എ.) ക്ക്, മാർക്സിസ്റ്റുപാർട്ടിയിൽനിന്ന് പുറത്താക്കിയതിന്റെ പേരിൽ ഒരു സ്വീകരണം നൽകുകയുണ്ടായി. കർഷകത്തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി ശ്രീമാൻ കുഞ്ഞിക്കണ്ണന്റെ അദ്ധ്യക്ഷതയിലാണ് ആ സ്വീകരണയോഗം സംഘടിപ്പിച്ചത്..... ....(ബഹളം) ..... മാർക്സിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളി യൂണിയന്റെ ജില്ലാ സെക്രട്ടറി ശ്രീ. കുഞ്ഞിക്കണ്ണന്റെ നേതൃത്വത്തിലാണ് ഈയോഗം സംഘടിപ്പിച്ചത്.. .....(ബഹളം)..... കാഞ്ഞങ്ങാട് ഉണ്ടായ ഒരു സംഭവത്തെ സംബന്ധിച്ചുള്ള പ്രശ്നമാണിത്. ശ്രീ. എം. വി. രാഘവൻ (എം. എൽ. എ.) ക്ക് അവിടെ ഒരു സ്വീകരണം നൽകുകയുണ്ടായി. സ്വീകരണത്തിൽ കാസർകോട് കർഷകത്തൊഴിലാളി യൂണിയൻ ജില്ലാസെക്രട്ടറി ശ്രീമാൻ കുഞ്ഞിക്കണ്ണ

LIBRARY ARCHIVES Kerala Legislative Assembly